**B** | **612**

# സമഗ്ര ശിക്ഷ, കേരളം

## വാർഷിക മൂല്യനിർണയം 2018-19

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 6 | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

### പ്രവർത്തനം 1 - വായിക്കാം എഴുതാം

**ചുവടെ കൊടുത്തിരിക്കുന്ന കവിത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ചക്രം

ഭൂമിയിൽനിന്നൊരു വിത്തു മുളച്ചി-
ട്ടൊരിലയീരില നീണ്ടു വളർന്നി-
ട്ടാകാശത്തിൽ ചില്ലകൾ വീശി-
യുയർന്നു മുതിർന്ന മഹാവൃക്ഷത്തെ
വെട്ടിമുറിച്ചു ചെറുതുണ്ടുകളായ്-
ച്ചെത്തിയെടുത്തു ചതച്ചു പുഴുങ്ങി-
ക്കടലാസെന്നൊരു സാധനമാക്കി-
ട്ടതിലൊരു തുണ്ടിൽ പലപല ഭ്രാന്തൻ
മുദ്രകൾ കുത്തി, പണമെന്നെണ്ണി,
അതുകൊണ്ടങ്ങനെ ഞാൻ വാങ്ങുന്നു
കാടും കടലും മലയും പുഴയും.

(റഫീക് അഹമ്മദ്)

1. കവിതയിൽ പണത്തെ എങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
   (വിലയേറിയത്, ഭ്രാന്തൻമുദ്രകൾ കുത്തിയ കടലാസ്, കിട്ടാൻ പ്രയാസമുള്ളത്)
2. 'പണമെന്നെണ്ണി' എന്നതിൽ എണ്ണി എന്ന വാക്ക് അർഥമാക്കുന്നതെന്ത്?
   (മതിച്ചു പറഞ്ഞു, കൂട്ടി വച്ചു, കണക്കാക്കി)
3. കവിതയിലെ പ്രധാന ആശയം താഴെ പറയുന്നതിൽ ഏതാണ്?
   (പ്രകൃതിയെ നശിപ്പിക്കൽ, മരം നട്ടുപിടിപ്പിക്കൽ, വിത്തുമുളപ്പിക്കൽ)
4. പണംകൊണ്ട് വാങ്ങാമെന്ന് കവിതയിൽ പറയുന്ന സാധനങ്ങൾ എന്തെല്ലാം?
   (ചോറും കറിയും വയലും പുരയിടവും, കാടും കടലും പുഴയും മലയും, നാടും നഗരവും മേടും താഴ്‌വരയും)
5. വലിയ മരത്തെ കവിതയിൽ വിശേഷിപ്പിക്കുന്നതെങ്ങനെ?
   (ഈരിലവൃക്ഷം, ഉയർന്നവൃക്ഷം, മഹാവൃക്ഷം)

**പ്രവർത്തനം - 2 - വാങ്മയചിത്രം**

*ഗാന്ധിജി യാത്രയ്ക്കുള്ള ഒരുക്കവുമായി ആശ്രമത്തിന്റെ മുൻവാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. വലതുകൈയിൽ സന്തത സഹചാരിയായ മുളവടി. ഇടതു കൈയിൽ ഒരു കൊച്ചുഭാണ്ഡം, ഉടുവസ്ത്രമായി സുപരിചിതമായ ഒറ്റമുണ്ട്, ചുണ്ടിൽ നനുത്ത പുഞ്ചിരി, കണ്ണുകളിൽ ദൃഢനിശ്ചയത്തിന്റെ ജ്വലനം.*

ഉപ്പുസത്യഗ്രഹവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ വാങ്മയചിത്രമാണ് നിങ്ങൾ വായിച്ചത്.

താഴെ കൊടുത്തിരിക്കുന്നചിത്രങ്ങൾ നോക്കി വ്യക്തികളുടെ പ്രത്യേകതകൾ കണ്ടെത്തി ആരുടെയെങ്കിലും ഒരാളുടെ **വാങ്മയചിത്രം** തയാറാക്കുക.



ഭഗത്സിംഗ്



സ്വാമി വിവേകാനന്ദൻ

**പ്രവർത്തനം 3 - വിശകലനക്കുറിപ്പ്**

കുട്ടികൾ രാജ്യത്തിന്റെ അമൂല്യമായ സമ്പത്തും ഭാവിയുടെ വാഗ്ദാനങ്ങളുമാണ്. എല്ലാ രാജ്യങ്ങളും കുട്ടികളുടെ ഉന്നമനത്തിനായി ഒട്ടനവധി പദ്ധതികളും പരിപാടികളുമാണ് ആസൂത്രണം ചെയ്യുന്നത്.

ജീവിക്കാനുള്ള അവകാശം

വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, വിശ്രമം
വിനോദം, സാംസ്കാരിക പ്രവർത്തനങ്ങളിൽ
പങ്കെടുക്കുവാനുള്ള അവകാശം





(എ) മുകളിൽ കൊടുത്ത ചിത്രങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിക്കൂ. കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നുണ്ടോ? **വിശകലനക്കുറിപ്പ്** തയാറാക്കുക.

(ബി) 'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് ഞാനത് നേടുക തന്നെ ചെയ്യും' ഇത് ആരുടെ വാക്കുകളാണ്?

(ഭഗത്സിംഗ്, ബാലഗംഗാധരതിലകൻ, സുഭാഷ് ചന്ദ്രബോസ്)

## പ്രവർത്തനം 4 - ഡയറി

മണ്ണുകൊണ്ടുണ്ടാക്കിയ ആ വീടിന്റെ ഒറ്റമുറിയുടെ ഒരു കോണിൽ ഇന്നലെ മുക്കാലിയിൽ മരിച്ച മനുഷ്യന്റെ ഭാര്യയും, കുട്ടികളും പരസ്പരം കെട്ടിപ്പിടിച്ച് കിടക്കുന്നു. മറ്റേ മൂലയിൽ ഗോവർധനും അയാളുടെ കൂട്ടുകാരൻ കുരുടൻ പുച്ചയും. രാത്രിയുടെ നേരിയ തണുപ്പ് ആ നിരപരാധികളുടെ ദുരിതങ്ങൾക്കു മീതെകൂടി, അവരെ തണുപ്പിക്കാനായി ശ്രമിച്ചു കൊണ്ട് ഇഴഞ്ഞു നടന്നു. പുറത്ത് സാമ്രാജ്യങ്ങൾ പണിയുന്നവരുടെ ബഹളം തെല്ലൊന്ന് ഒതുങ്ങിയപ്പോൾ വൈകിയ യാമങ്ങളിൽ എപ്പോഴോ ഉറക്കം അവരെയും അനുഗ്രഹിച്ചു.

'തള്ളവിരലില്ലാത്ത ഗ്രാമം' എന്ന പാഠത്തിലെ കുറച്ചു ഭാഗമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

**(എ)** ഗ്രാമവാസികളുടെ ദയനീയാവസ്ഥയും അന്നത്തെ തന്റെ മാനസികാവസ്ഥയും ഉൾപ്പെടുത്തി ഗോവർധൻ എഴുതാൻ ഇടയുള്ള ഡയറി എങ്ങനെയായിരിക്കും. എഴുതു.

**(ബി)** മാതൃക പോലെ മാറ്റി എഴുതുക

ജയഘോഷം - ജയത്തിന്റെ ഘോഷം

അരയാലില - ..............................................

## പ്രവർത്തനം - 5 വായനക്കുറിപ്പ്

'ഊഞ്ഞാൽപ്പാട്ട്' എന്ന കവിതയിൽ വീടിന്റെ ഐശ്വര്യത്തിനായി നിലകൊള്ളുന്ന പ്രാർഥനാ നാളമായി ഒരമ്മയെ നാം കണ്ടല്ലോ? - ഈ കവിത വായിക്കു

**കാണാത്തത്**

അമ്മയുടെ കണ്ണുകൾ
ഏതു വാതിൽപ്പഴുതിലൂടെയും
എളുപ്പം കടന്നു പോകും
അപ്പൂപ്പന്റെ മരുന്നുമണമുള്ള മുറി തുറന്ന്
നിറയെ പൂക്കൾ വിരിയിക്കും
അമ്മൂമ്മയുടെ തെറ്റിയ താളങ്ങളെ
തട്ടുംപുറത്ത് പൂട്ടിയിട്ട്
പുതിയ ഈണങ്ങൾ മൂളിക്കൊടുക്കും
അച്ഛന്റെ തീരാത്ത കണക്കുകളുടെ മുറിയിൽ
പുലരുവോളം ഉറങ്ങാതെ കൂട്ടിരിക്കും.
എന്റെ പഠനമുറി തുറന്ന്,
മാറാല പിടിച്ച ചുമരിൽ
ഭംഗിയുള്ള ചിത്രങ്ങൾ തൂക്കും.
അങ്ങനെ അങ്ങനെ ആ ഒറ്റമുറിവീട്ടിലെ
എല്ലാ വാതിലുകളുടെ പൂട്ടും
അമ്മ പരിചയപ്പെടുത്തി തന്നു.
അമ്മയുടെ മുറി മാത്രം കണ്ടില്ല......
അതിന്റെ താക്കോൽ?!

( ശ്രീവേണി, 10 ാംതരം)

കവിതയിലെ ആശയം, പ്രയോഗഭംഗി, താളാത്മകത എന്നിവ ഉൾപ്പെടുത്തി വായനക്കുറിപ്പ് തയാറാക്കു.

മരം കൊള്ളുന്ന വെയിലാണ്
നാമനുഭവിക്കുന്ന തണൽ

അച്ഛൻ പണ്ട് കൊണ്ട വെയിലാണ് മക്കൾ
ഇന്നനുഭവിക്കുന്ന തണൽ

സമൂഹ നന്മയ്ക്കുവേണ്ടി സ്വന്തം ജീവിതംപോലും ത്യജിച്ച നിരവധി മഹാത്മാക്കളെ നമുക്കറിയാമല്ലോ. അത്തരം മഹാന്മാരുടെ ത്യാഗഫലമാണ് നാം ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യം. 'അജയ്യതയുടെ പ്രതീകം' എന്ന പാഠഭാഗം ഇതിന് ഉദാഹരണമാണല്ലോ.

(എ) മുകളിൽ കൊടുത്തിരിക്കുന്ന വാക്യങ്ങൾ കൂടി അവലോകനം ചെയ്തുകൊണ്ട് **അഭിപ്രായക്കുറിപ്പ്** തയാറാക്കൂ.

(ബി) 'എങ്ങു കേളപ്പൻ ഉപ്പുപോൽ പരിശുദ്ധൻ'. (സച്ചിദാനന്ദൻ)

ഏതു സമരത്തെക്കുറിച്ചാണ് ഇതിൽ പരാമർശിക്കുന്നത്

(വൈക്കം സത്യഗ്രഹം, ഉപ്പുസത്യഗ്രഹം, ഗുരുവായൂർ സത്യഗ്രഹം)